പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ. 300

22-02-2016 ൽ മറുപടിക്ക്

## അഗ്രോ സർവ്വീസ് സെന്ററുകൾ

**ചോദ്യം**

ശ്രീ.അൻവർ സാദത്ത്
ശ്രീ. സി.പി. മുഹമ്മദ്
ശ്രീ.എ.റ്റി ജോർജ്
ശ്രീ. എം.എ.വാഹീദ്

**മറുപടി**

ശ്രീ.കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) സംസ്ഥാനത്ത് അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനത്തിനായി ആവിഷ്കരിച്ചിട്ടുള്ള കർമ്മ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ; | (എ) | അഗ്രോ സർവ്വീസ് സെന്ററുമായി ബന്ധപ്പെട്ട് 2015-16 ൽ താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>1. പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങുന്നതിനുള്ള പദ്ധതി<br>2. നിലവിലുള്ള അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി<br>3. അഗ്രോ സർവ്വീസ് സെന്ററുകളോടൊപ്പം മണ്ണ് പരിശോധനാ ലാബുകൾ തുടങ്ങുന്നതിനുള്ള പദ്ധതി. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | പ്രസ്തുത പദ്ധതികൾ മുഖേന താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്.<br>1. 2015-16 ൽ സംസ്ഥാനത്ത് 15 അഗ്രോ സർവ്വീസ് സെന്ററുകൾ പുതിയതായി ആരംഭിക്കുക.<br>2. നിലവിലുള്ള 49 അഗ്രോ സർവ്വീസ് സെന്ററുകൾ ശക്തിപ്പെടുത്തുന്നതിനായി നല്ല പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾക്ക് ബയോഫാർമസി, നേഴ്സറി, മൂന്ന ചക്ര/നാലു ചക്ര വാഹനങ്ങൾ ആവശ്യമായ കാർഷിക യന്ത്രോപകരണങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്ക് യൂണിഫോം അലവൻസ്, ഇൻസെന്റീവ്, ഫെസിലിറ്റേറ്റർക്ക് ഓണറേറിയം, അംഗങ്ങൾക്ക് ആവശ്യമായ പരിശീലനങ്ങൾ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ നൽകുക. |

| | | |
|---|---|---|
| | | 3. മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന സൗകര്യങ്ങളുള്ള അഗ്രോ സർവ്വീസ് സെന്ററുകളിൽ മണ്ണ് പരിശോധന ലാബ് സൗകര്യം ഉണ്ടാക്കുക.<br>4. 2014-15 ൽ അഗ്രോ സർവ്വീസ് സെന്ററുകളോടൊപ്പം ആരംഭിച്ച മണ്ണ് പരിശോധന ലാബുകൾ ശക്തിപ്പെടുത്തുക. |
| (സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (സി) | നിലവിലുള്ള അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തുകയും ആയത് മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്യുന്നുണ്ട്. ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. സൗകര്യങ്ങൾ ലഭ്യമായ കേന്ദ്രങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബുകളും തുടങ്ങിയിട്ടുണ്ട്. കൂടാതെ 2015-16 ൽ താഴെ പറയുന്ന സ്ഥലങ്ങളിൽ പുതുതായി അഗ്രോ സർവ്വീസ് കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.<br>1. കൊട്ടാരക്കര<br>2. തിരുവല്ല<br>3. അരൂർ<br>4. കുട്ടനാട്<br>5. ചെങ്ങന്നൂർ<br>6. ഉടുമ്പൻചോല<br>7. അങ്കമാലി<br>8. ചാലക്കുടി<br>9. മണലൂർ<br>10. പുതുക്കാട്<br>11. കൈപ്പമംഗലം<br>12. ഏലത്തൂർ<br>13. കുറ്റിയാടി<br>14. വടകര<br>15. തലശ്ശേരി |

സെക്ഷൻ ഓഫീസർ